


**1.** ബൈബിൾ എന്നാലെന്ത് ?

ബൈബിൾ ദൈവത്തിന്റെ വചനമാണ്. ഇതിലൂടെ ദൈവത്തിന്റെ പ്രമാണങ്ങളെ നമ്മോടറിയിക്കുന്നു.




“യഹോവയുടെ ന്യായപ്രമാണം തികവുള്ളത്. അത് പ്രാണനെ തണുപ്പിക്കുന്നു”

സങ്കീ. 19:7

**2.** പാപം എന്നാലെന്ത്?

ദൈവത്തിന്റെ പ്രമാണങ്ങളെ ലംഘിക്കുന്നതാണ് പാപം.




*കള്ളം പറയുക, വഞ്ചിക്കുക, ശപിക്കുക, മോഷ്ടിക്കുക*

**ദൈവത്തെ അനുസരിക്കാത്തത് പാപമാണ്.**

## 3. ദൈവം പാപത്തെ ശിക്ഷിക്കുമോ?

തീർച്ചയായും !
ദുഷ്ടൻമാരും ദൈവത്തെ
മറക്കുന്ന സകല ജാതികളും
പാതാളത്തിലേക്ക് തിരിയും.
സങ്കീ. 9:17

പാതാളം അഥവാ നരകം
എന്നത് ഭയാനകമായ സ്ഥലമാണ്.
അവിടെ കെടാത്ത തീയാണ്.



പാപികൾ നിത്യനരകാഗ്നിയിൽ കിടന്ന്
യാതന അനുഭവിക്കേണ്ടതായി വരും

## 4. നരകത്തിൽ നിന്നും എനിക്ക് രക്ഷ പ്രാപിക്കുവാൻ കഴിയുമോ ?



ഒരിക്കലുമില്ല! നരകത്തിൽ കിടന്നു
കൊണ്ട് ആർക്കും രക്ഷപെടുവാൻ
കഴിയുകയില്ല. ബൈബിൾ പറയുന്നു

"... അവർ എന്നെന്നേയ്ക്കും രാപ്പകൽ
ദണ്ഡനം സഹിക്കേണ്ടിവരും." ജീവപു
സ്തകത്തിൽ പേരെഴുതി കാണാത്ത ഏവ
നേയും തീപ്പൊയ്കയിൽ തള്ളിയിടും."
വെളി : 20 : 10, 12, 15

## 5. നരകത്തിൽ പോകാതെ എന്നെ ആർ രക്ഷിക്കും ?

യേശുവിന് നിന്നെ രക്ഷിക്കുവാൻ കഴിയും. കാരണം അവൻ ഒരിക്കലും പാപം ചെയ്യാത്തവനാണ്. യേശുവിൽ പാപം അടങ്ങിയിട്ടില്ല. പാപിയെ രക്ഷിപ്പാൻ പാപമില്ലാത്ത യേശുവിന് മാത്രമേ കഴിയൂ.




യേശു ദൈവപുത്രനാണ്, യേശു നിന്നെ സ്നേഹിക്കുന്നു, യേശു നിന്നെ രക്ഷിക്കുന്നു, യേശു നിനക്ക് സമാധാനം തരും.

## 6.



**യേശു കാൽവറി കുരിശിൽ മരിച്ചത് നിന്റെ സകല പാപത്തിന്റെയും പരിഹാരത്തിന് വേണ്ടിയായിരുന്നു**

" ക്രിസ്തുവോ നാം പാപികൾ ആയിരി
ക്കുമ്പോൾ തന്നെ നമുക്ക് വേണ്ടി
മരിക്കയാൽ ദൈവം തനിക്ക്
നമ്മോടുള്ള സ്നേഹത്തെ
പ്രദർശിപ്പിക്കുന്നു"

റോമർ 5:8

## 7. യേശുവിനെ മരണ ശേഷം കല്ലറയിൽ അടക്കം ചെയ്തു



അതിന് ശേഷം യേശു
മരണത്തെ ഭേദിച്ച് മൂന്നാം നാൾ
ഉയിർത്തെഴുന്നേറ്റു. “ഞാൻ
മരിച്ചവനായിരുന്നു. എന്നാൽ
ഇതാ എന്നെന്നേയ്ക്കും
ജീവിച്ചിരിക്കുന്നു”

വെളിപ്പാട്. 1:18

## 8. ഞാൻ എങ്ങനെ രക്ഷപ്രാപിക്കും?



പുണ്യ പ്രവർത്തികൾ കൊണ്ടോ കുടുംബമഹിമയാലോ വിദ്യാസമ്പാദനത്താലോ ഒരു വ്യക്തിയും രക്ഷിക്കപ്പെടുകയില്ല.

യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കയും വിശ്വസിക്കയും പാപങ്ങളെ യേശുവിനോട് ഏറ്റുപറയുകയും ചെയ്യുമ്പോൾ ഒരാൾ രക്ഷിക്കപ്പെടുന്നു.

“കർത്താവായ യേശുവിൽ വിശ്വസിക്കുക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും”.

അപ്പോ. പ്രവൃ. : 16:31

## 9. യേശുവിലൂടെയുള്ള നിത്യരക്ഷ നഷ്ടമാക്കിയാൽ നീ നിത്യനരകത്തിൽ പോകേണ്ടിവരും



“അല്ലല്ലാ മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നെ നശിച്ചുപോകും.” ലൂക്കോസ് 13:3

## 10. ഇന്നുതന്നെ യേശുവിങ്കലേയ്ക്ക് കടന്നുവരിക.

**യേശുവേ, എന്റെ പാപങ്ങളെ ക്ഷമിച്ച് എന്നെ രക്ഷിക്കേണമേ എന്നെ അങ്ങയുടെ മകനാക്കി / മകളാക്കി തീർക്കേണമേ അങ്ങ് എന്റെ ഹൃദയത്തിലേക്ക് കടന്നുവരേണമേ എന്ന് പ്രാർത്ഥിക്കുക.**

“കർത്താവിന്റെ (യേശുവിന്റെ)
നാമത്തെ വിളിച്ചപേക്ഷിക്കുന്ന
ഏവനും രക്ഷിക്കപ്പെടും.”

റോമർ 10:13

## 11. ദൈവം മനുഷ്യനു നൽകുന്ന സമ്മാനം *നിത്യജീവനാണ്.*

അതിന്റെയർത്ഥം സ്വർഗ്ഗത്തിൽ ദൈവത്തോടൊപ്പം നിത്യത ചില വഴിക്കുക എന്നതാണ്. മരണത്തിന് ശേഷം നിത്യസൗഭാഗ്യം അനുഭവിക്കാനിടയാകും.



"ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ" റോമർ. 6:23

## 12.

സ്നേഹിതാ, താങ്കൾ പാപപ്രവർത്തിയിൽ നിന്നും യേശുവിങ്കലേയ്ക്ക് തിരിയുവാൻ താൽപര്യപ്പെടുന്നുവോ? യേശുവേ എന്റെ പാപങ്ങളെ ക്ഷമിക്കണമേ എന്നു പറയുമോ?

യേശുവിങ്കൽ കടന്നുവന്ന്, അവനിൽ വിശ്വസിച്ച് പാപക്ഷമപ്രാപിക്കുവാൻ താൽപര്യപ്പെടുന്നവരോടായി വിശുദ്ധ ബൈബിൾ പറയുന്നു.

"ഞാൻ അവയ്ക്ക് നിത്യജീവൻ കൊടുക്കുന്നു. അവ ഒരുനാളും നശിച്ചുപോകയില്ല. ആരും അവയെ എന്റെ കയ്യിൽ നിന്നും പിടിച്ചു പറിക്കയും ഇല്ല" യോഹ. 10:28




സ്നേഹിതാ, യേശുക്രിസ്തുവിനെ നിന്റെ ഹൃദയത്തിൽ രക്ഷകനും കർത്താവുമായി വിശ്വാസത്താൽ സ്വീകരിക്കുമോ? കാലമെല്ലാം കഴിയും, ഇന്നു നാം കാണുന്നതെല്ലാം അഴിയും, മരണത്തോടെ മനുഷ്യന്റെ ഭൂമിയിലെ വാസത്തിന് തിരശ്ശീല വീഴും. ഒരു പുതുയുഗം സമാഗതമായിരിക്കുന്നു. തന്നിൽ പ്രത്യാശ വച്ചിരിക്കുന്ന ഭക്തന്മാരെ ചേർക്കുവാനായി കർത്താവായ യേശുക്രിസ്തു വീണ്ടും വരുന്നു. യേശു സ്ഥാപിക്കുന്ന നിത്യരാജ്യത്തിൽ മൺമറഞ്ഞവരും ജീവനോടിരിക്കുന്നവരുമായ കോടാനുകോടി വിശുദ്ധന്മാർ രൂപാന്തരം പ്രാപിച്ച് പ്രവേശിക്കുവാൻ സമയമായി. നിത്യന്യായവിധിയിൽ കടക്കാതെ ഇന്നുതന്നെ പാപത്തോടു വിടപറഞ്ഞ് യേശുവിനെ സ്വീകരിക്കൂ... നിത്യത ഉറപ്പാക്കൂ...

ബൈബിൾ സംബന്ധമായി കൂടുതൽ പഠിക്കുവാനാഗ്രഹിക്കുന്നവർക്ക് തപാലിലൂടെ പഠിക്കുവാൻ ഞങ്ങൾ സൗകര്യമൊരുക്കുന്നു.

***കൂടുതൽ വിവരങ്ങൾക്ക് എഴുതുക :***

**FELLOWSHIP TRACT LEAGUE**
P.O. BOX 164 • LEBANON, OH 45036
www.fellowshiptractleague.org © Tract 5640 (Malayalam)
All tracts free as the Lord provides. Not to be sold.